**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1249** **27-07-2021 - ൽ മറുപടിയ്ക്ക്**

**ഇ-ചെലാൻ സോഫ്റ്റ്‌വെയർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മോട്ടോർ വാഹന വകുപ്പ് എന്നു മുതലാണ് ഇ-ചെലാൻ സോഫ്റ്റ്‌വെയർ നടപ്പിലാക്കിയത് ; ഈ പദ്ധതി ആരംഭിച്ച ശേഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (എ) | 10/06/2020 മുതലാണ് മോട്ടോർ വാഹന വകുപ്പിൽ ഇ-ചെലാൻ സോഫ്റ്റ് വെയർ ഉപയോഗിച്ച് പരിശോധന ആരംഭിച്ചിട്ടുള്ളത്. ഈ പദ്ധതി ആരംഭിച്ച ശേഷം 4,32,995 ചെലാനുകൾ എടുത്തിട്ടുണ്ട്. അതിൽ 51,156 കേസുകൾ വെർച്ചൽ കോടതിയിൽ സമർപ്പിക്കപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ പദ്ധതി പ്രകാരം പിഴ ഇനത്തിൽ എത്ര തുക ഈടാക്കി; കുടിശ്ശിക ആയ തുക എത്രയാണ്; | (ബി) | പിഴയിനത്തിൽ 2,75,22,75,16/- രൂപ ഈടാക്കിയിട്ടുണ്ട്. പിഴയിനത്തിൽ കുടിശ്ശികയായി 52,30,85,469/- രൂപ ലഭിക്കാനുണ്ട്. |
| (സി) | മോട്ടോർ വാഹന വകുപ്പിൽ ഓൺലൈൻ രജിസ്ട്രേഷൻ സോഫ്റ്റ്‌വെയറിൽ അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | കേരള മോട്ടോർ വാഹന വകുപ്പിലെ ഓൺലൈൻ സോഫ്റ്റ്‌വെയർ, എന്നത് രാജ്യമൊട്ടാകെ നടപ്പിൽ വരുത്തിയിട്ടുള്ള പരിവാഹൻ (വാഹൻ, സാരഥി) ആണ്. ഇത് ഡൽഹി നാഷണൽ ഇൻഫൊമാറ്റിക്സ് സെന്റർ വികസിപ്പിച്ചിട്ടുള്ള അതിബൃഹത്തായ ഒരു സോഫ്റ്റ്‌വെയർ സംവിധാനമാണ്. വാഹന രജിസ്ട്രേഷനുമായി ബന്ധപ്പെട്ട നിയമങ്ങൾ വേഗത്തിൽ മാറിക്കൊണ്ടിരിക്കുന്നു. പുതിയ നിയമങ്ങൾക്കനുസൃതമായി സോഫ്റ്റ് വെയറിൽ മാറ്റങ്ങൾ വരുത്തുമ്പോൾ അപാകതകൾ കടന്നു കൂടുന്നുണ്ട്. ഇങ്ങനെയുള്ള അപാകതകൾ ശ്രദ്ധയിൽപെടുമ്പോൾ സോഫ്റ്റ് വെയർ നിർമ്മാണ ഏജൻസിയായ ഡൽഹി നാഷണൽ ഇൻഫോമാറ്റിക്സ് സെന്ററിനെ അറിയിക്കുകയും പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. |
| (ഡി) | വാഹന ഡീലർമാർക്ക്, സർക്കാരിലേക്ക് നൽകേണ്ടതായ ഫീസ്, ടാക്സ് എന്നിവ നൽകാതെ രജിസ്ട്രേഷൻ നടപടി നടത്താൻ ഈ സോഫ്റ്റ്‌വെയറിൽ വ്യവസ്ഥയുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട ഫീസ്, ടാക്സ് എന്നിവ അടച്ചാൽ മാത്രമേ ഈ സോഫ്റ്റ് വെയറിൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുവാൻ സാധിക്കുകയുള്ളൂ. ഡീലർമാർ ഓണർ കാറ്റഗറി, ഫിസിക്കലി ഹാൻഡിക്യാപ്പ്ഡ് എന്ന് സെലക്ട് ചെയ്താൽ ടാക്സ് ഒഴിവാക്കി സ്വകാര്യ |

| | | | |
|---|---|---|---|
| | | | കാറുകൾ തുടങ്ങിയവ രജിസ്ട്രേഷന് അപേക്ഷ നൽകാവുന്നതാണ്. കൂടാതെ ചരക്കു വാഹനങ്ങളിൽ ടിപ്പർ ഇനത്തിൽപ്പെട്ടവയ്ക്ക് സാധാരണ ചരക്ക് വാഹനങ്ങളുടെ പെർമിറ്റ് കാറ്റഗറിയിൽപ്പെടുത്തിയാൽ കുറവ് ടാക്സ് നിരക്കേ ഉണ്ടാവുകയുള്ളൂ. |
| (ഇ) | ട്രാൻസ്പോർട്ട് വാഹനങ്ങൾ നേരിട്ട് പരിശോധിക്കാതെ ഫിറ്റ്നസ് നൽകാൻ വ്യവസ്ഥ ഇല്ലാതിരിക്കെ പുതിയ വാഹനങ്ങൾക്ക് ഓൺലൈനായി ഫിറ്റ്നസ് നൽകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പുന:പരിശോധിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഇ) | മോട്ടോർ വാഹന ചട്ടം 1988 ലെ സെക്ഷൻ 56 ൽ എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ആവശ്യമാണെന്ന് നിഷ്കർഷിച്ചിരിക്കുന്നു. കേന്ദ്ര മോട്ടോർ വാഹന നിയമം 1989 ലെ റൂൾ 62 ലാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന്റെ കാലാവധിയും നടപടിക്രമങ്ങളും വിശദീകരിച്ചിരിക്കുന്നത്. നിയമം 62 ലെ സബ് റൂൾ -1, പ്രൊവിഷൻ -1 ചുവടെ ചേർക്കുന്നു. “Provided that the renewal of a fitness certificate shall be made only after an inspecting officer or authorized testing stations as referred to in sub-section(1) of section 56 of the Act has carried the tests specified in the Table given below, namely:-----(Table)” ഇതിൽ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് പുതുക്കുവാൻ വാഹന പരിശോധന നിർബന്ധമാണെന്ന് പ്രതിപാദിക്കുന്നു. എന്നാൽ ഒരു വാഹനത്തിനു ആദ്യമായി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകുന്നതിന് വാഹന പരിശോധന നിർബന്ധമാണെന്ന് നിഷ്കർഷിക്കുന്നില്ല. ഇതേ സബ് റൂളിലെ പ്രൊവിഷൻ - 4 ചുവടെ ചേർക്കുന്നു. “Provided further that no fitness certification shall be required at the time of registration for new transport vehicle sold as fully built vehicle and such vehicle shall be deemed to be having certificate of fitness for a period of two years from the date of registration” ഇതിൻ പ്രകാരം പൂർണമായും ഫാക്ടറി നിർമിത ബോഡിയോട് കൂടി വില്പന നടത്തുന്ന വാഹനങ്ങൾക്ക് പ്രത്യേകമായി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ആവശ്യമില്ല. എന്നാൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് രണ്ടു വർഷം കാലാവധിയുള്ളതായി കണക്കാക്കണമെന്നും നിഷ്കർഷിക്കുന്നു. മേൽ വിവരിച്ചിരിക്കുന്ന സാഹചര്യങ്ങളിൽ നിന്നും പൂർണമായും ഫാക്ടറി നിർമ്മിത ബോഡിയോടു കൂടിയ വാഹനങ്ങൾക്ക് ആദ്യമായി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകുന്നതിന് വാഹന പരിശോധന ആവശ്യമില്ല എന്നുള്ളത് നിയമാനുസൃതമാണ്. ക്യാബിൻ - ഷാസി മാത്രമായി വാങ്ങി ബോഡി ലോക്കൽ ആയി നിർമ്മിക്കപ്പെടുന്ന വാഹനങ്ങൾക്കു നിലവിൽ വാഹന പരിശോധനക്കു |

| | | | |
|---|---|---|---|
| | | | ശേഷം മാത്രമാണ് രജിസ്ട്രേഷനും ഒപ്പം ഫിറ്റ്നസ്സും നൽകുന്നത്. |

സെക്ഷൻ ഓഫീസർ